# ഫോർട്ട് ബെൻഡ് കൗണ്ടി
# ശീർഷകം VI വിവേചന പരാതി ഫോം

പൂരിപ്പിച്ച ഫോം ഇവിടേക്ക് അയയ്ക്കുക:
Civil Rights Officer, Risk Management
301 Jackson Street, Suite 224, Richmond, Texas 77469
TitleVI@fbctx.gov
ഫാക്സ്: 281.341.3751

| വിഭാഗം 1: പരാതിക്കാരനെ ബന്ധപ്പെടാനുള്ള/വ്യക്തിഗത വിവരങ്ങൾ | |
|---|---|
| 1. പേര് (അവസാനം, ആദ്യം, മദ്ധ്യം, ഇനീഷ്യൽ) | 2. ഫോൺ നമ്പർ |
| 3. വീട്ടുവിലാസം (തെരുവ്, നഗരം, സംസ്ഥാനം, പിൻ കോഡ്) | 4. ഇമെയിൽ വിലാസം |
| 5. ഇഷ്ടപ്പെട്ട സമ്പർക്ക രീതി | 6. നിങ്ങളെ ബന്ധപ്പെടാനുള്ള ഏറ്റവും നല്ല സമയം |

| വിഭാഗം 2: പരാതിയുടെ വിവരങ്ങൾ | |
|---|---|
| 7. ആരോപിക്കപ്പെട്ട പ്രവൃത്തി/സംഭവം നടന്ന സ്ഥലം/വകുപ്പ്. | 8. ആരോപിക്കപ്പെട്ട പ്രവൃത്തി/സംഭവം നടന്ന തീയതി. (mm-dd-yyyy) |

9. ആരോപിക്കപ്പെട്ട വിവേചനം നടന്ന് 180 കലണ്ടർ ദിവസങ്ങളിൽ കൂടുതലായെങ്കിൽ കാരണം നൽകുക. ____________________

10. ഏത് അടിസ്ഥാനത്തിലാണ് നിങ്ങൾ വിവേചനം ആരോപിക്കുന്നത്? (ബാധകമായവയ്ക്കെല്ലാം ശരിയടയാളം ഇടുക.)

☐ വംശം ☐ നിറം ☐ ജനിച്ച രാജ്യം ☐ പരിമിതമായ ഇംഗ്ലീഷ് പരിജ്ഞാനം

11. നിങ്ങൾക്ക് എന്താണ് സംഭവിച്ചതെന്ന് ദയവായി വിശദീകരിക്കുക ***(ആവശ്യമെങ്കിൽ നിങ്ങൾക്ക് കൂടുതൽ പേജുകൾ ഉപയോഗിക്കാം).*** പിന്തുണയ്ക്കുന്ന ഏത് രേഖയും നിങ്ങളുടെ പരാതിയുമായി അറ്റാച്ച് ചെയ്യുക.

**വിഭാഗം 3: ആരോപിക്കപ്പെട്ട വിവേചനപരമായ പ്രവർത്തിയിൽ ഉൾപ്പെട്ട വ്യക്തി**

# ഫോർട്ട് ബെൻഡ് കൗണ്ടി
# ശീർഷകം VI വിവേചന പരാതി ഫോം

| 12. പേര് (അവസാനം, ആദ്യം, മദ്ധ്യം, ഇനീഷ്യൽ) | 13. ഫോൺ നമ്പർ |
|---|---|
| | |

**വിഭാഗം 4: നിങ്ങളുടെ പരാതിയെ പിന്തുണയ്ക്കുന്നതിനും വ്യക്തത വരുത്തുന്നതിനും വേണ്ടി വിവരങ്ങൾക്കായി ഞങ്ങൾക്ക് ബന്ധപ്പെടാവുന്ന സാക്ഷികളുടെ പേരുകൾ**

| 14. സാക്ഷികളുടെ പേര് | 15. സാക്ഷികളുടെ ഫോൺ നമ്പർ |
|---|---|
| | |

**വിഭാഗം 5: പരാതി ഫയൽ ചെയ്യു**

16. ഇനിപ്പറയുന്നവയിൽ ഏതെങ്കിലുമൊരു വിഷയവുമായി ബന്ധപ്പെട്ട് നിങ്ങൾ ഒരു പരാതി ഫയൽ ചെയ്തിട്ടുണ്ടോ, അല്ലെങ്കിൽ ഫയൽ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ, ഫയലിംഗ് തീയതികൾ നൽകുക. (ബാധകമായവയെക്കല്ലാം ശരിയടയാളം നൽകുക.)

- ☐ യു.എസ്. ഗതാഗത വകുപ്പ് (DOT) (mm-dd-yyyy)
- ☐ ഫെഡറൽ ഹൈവേ അഡ്മിനിസ്ട്രേഷൻ (FHWA) (mm-dd-yyyy)
- ☐ ഫെഡറൽ ട്രാൻസിറ്റ് അഡ്മിനിസ്ട്രേഷൻ (FTA) (mm-dd-yyyy)
- ☐ യു.എസ്. ഡിപ്പാർട്ട്മെന്റ് ഓഫ് ജസ്റ്റിസ് (DOJ) (mm-dd-yyyy)
- ☐ മറ്റുള്ളവ: (mm-dd-yyyy)

17. നിങ്ങൾ ഏതെങ്കിലും ഫോർട്ട് ബെൻഡ് കൗണ്ടി പ്രതിനിധിയുമായി പരാതിയെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ പേര്, പദവി, ചർച്ച ചെയ്ത തീയതി എന്നിവ നൽകുക.

18. ഈ പരാതി എങ്ങനെ പരിഹരിക്കപ്പെടണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നതെന്ന് ചുരുക്കത്തിൽ വിശദീകരിക്കുക? **(ആവശ്യമെങ്കിൽ നിങ്ങൾക്ക് കൂടുതൽ പേജുകൾ ഉപയോഗിക്കാം).**

☐ ഈ ബോക്സിൽ ശരിയടയാളം ഇടുന്നതിലൂടെ, ഈ പ്രമാണം സമർപ്പിക്കുന്ന വ്യക്തി ഞാനാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഒപ്പിടാത്ത പരാതികൾ **സ്വീകരിക്കില്ല**.

19. **ഒപ്പ് (ആവശ്യമാണ്)**________________________________________

തീയതി (mm-dd-yyyy)

# ഫോർട്ട് ബെൻഡ് കൗണ്ടി
# ശീർഷകം VI വിവേചന പരാതി ഫോം

## നിർദ്ദേശങ്ങൾ

**ഉദ്ദേശ്യം**: ഒരു വിവേചന സംബന്ധമായ പരാതി ഫയൽ ചെയ്യുന്നതിൽ നിങ്ങളെ സഹായിക്കുക എന്നതാണ് ഈ ഫോമിന്റെ ഉദ്ദേശം. നിങ്ങളുടെ പരാതി ഫയൽ ചെയ്യാൻ ഈ ഫോം ഉപയോഗിക്കാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു, എന്നാൽ അത് ആവശ്യമുള്ളതല്ല. നിങ്ങൾ ഒരു കത്ത് എഴുതാൻ തിരഞ്ഞെടുക്കുകയാണെങ്കിൽ, അതിൽ ഈ ഫോമിൽ ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ വിവരങ്ങളും അടങ്ങിയിരിക്കുകയും നിങ്ങളോ നിങ്ങളുടെ അംഗീകൃത പ്രതിനിധിയോ ഒപ്പിട്ടിരിക്കുകയും വേണം.

301 Jackson Street, Suite 224, Richmond, TX 77469, TitleVI@fbctx.gov അല്ലെങ്കിൽ 281.341.3751 എന്ന നമ്പറിലേക്ക് മെയിൽ, ഇമെയിൽ അല്ലെങ്കിൽ ഫാക്സ് മുഖേന നിങ്ങളുടെ പരാതി അയക്കാം. നിങ്ങളുടെ പരാതിയുടെ ഒപ്പിട്ട പകർപ്പ് നിങ്ങൾ സമർപ്പിക്കണം. ഇമെയിൽ വഴി നിങ്ങളുടെ ഫോം അയയ്ക്കുകയാണെങ്കിൽ, ഒപ്പിട്ട പകർപ്പ് അറ്റാച്ച് ചെയ്യുന്നുവെന്ന് ഉറപ്പാക്കുക. അപൂർണ്ണമായ വിവരങ്ങളോ ഒപ്പിടാത്ത ഫോമോ നിങ്ങളുടെ പരാതി പ്രോസസ്സ് ചെയ്യുന്നതിന് കാലതാമസം വരുത്തിയേക്കാം. ഫോം പൂരിപ്പിക്കുന്നതിനുള്ള സഹായത്തിന് വേണ്ടി, നിങ്ങൾക്ക് സിവിൽ റൈറ്റ്സ് ഓഫീസറെ (CRO) 281.238.3267 എന്ന നമ്പറിൽ ബന്ധപ്പെടാം.

**ഫയലിംഗ് സമയപരിധി:** ആരോപിക്കപ്പെട്ട വിവേചനം നടന്ന് 180 കലണ്ടർ ദിവസങ്ങൾക്കുള്ളിൽ ഒരു പരാതി ഫയൽ ചെയ്തിരിക്കണം. തപാൽ വഴി അയച്ച പരാതികൾ പോസ്റ്റ്മാർക്ക് തീയതിയിൽ ഫയൽ ചെയ്തതായി പരിഗണിക്കും. ഇമെയിൽ വഴിയോ ഫാക്സ് വഴിയോ അയക്കുന്ന പരാതികൾ ലഭിക്കുന്ന തീയതിൽ ഫയൽ ചെയ്തതായി പരിഗണിക്കുകയും, CRO രസീത് നൽകുകയും ചെയ്യും. പരാതിക്കാരൻ കൃത്യസമയത്ത് ഫയൽ ചെയ്തില്ലെങ്കിൽ, പരാതിക്കാരൻ വൈകിയതിന് ഒരു "മികച്ച കാരണം" എന്ന വിശദീകരണം ഉൾപ്പെടുത്തുകയും ഈ ഫയലിംഗ് ആവശ്യകതയിൽ നിന്ന് ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യണം. "മികച്ച കാരണം" എന്നതിന്റെ ഉദാഹരണങ്ങളിൽ ഇനിപ്പറയുന്നവ ഉൾപ്പെടാം:

1. 180-ദിവസ കാലയളവിനുള്ളിൽ വിവേചനപരമായ പ്രവൃത്തിയെക്കുറിച്ച് നിങ്ങൾ അറിയുമെന്ന് ന്യായമായും പ്രതീക്ഷിക്കാനാവില്ല; അല്ലെങ്കിൽ
2. നിങ്ങൾ ഗുരുതരമായ രോഗത്തിലോ അംഗവൈകല്യത്തിലോ ആയിരുന്നു.

CRO പരാതി അവലോകനം ചെയ്യുകയും തുടരുന്നതിന്, ആരോപിക്കപ്പെടുന്ന വിവേചനത്തെക്കുറിച്ച് പരാതിയിൽ മതിയായ വിവരങ്ങൾ അടങ്ങിയിട്ടുണ്ടോ എന്ന് തീരുമാനിക്കുകയും ചെയ്യും. പരാതി വ്യക്തമാക്കുന്നതിന് CRO-യ്ക്ക് കൂടുതൽ വിവരങ്ങൾ ആവശ്യമുണ്ടെങ്കിൽ, അദ്ദേഹത്തിന് പരാതിക്കാരനെ ബന്ധപ്പെടാവുന്നതാണ്. അഭ്യർത്ഥിച്ച വിവരങ്ങൾ യഥാസമയം നൽകുന്നതിൽ പരാതിക്കാരൻ പരാജയപ്പെട്ടാൽ, കൗണ്ടി ഭരണാധികാരം ഉപയോഗിച്ച് പരാതി അവസാനിപ്പിച്ചേക്കാം.

**നയം**: ഒരു വ്യക്തിയും വംശം, നിറം, ജനിച്ച രാജ്യം(പരിമിതമായ ഇംഗ്ലീഷ് പ്രാവീണ്യം) എന്നിവയുടെ അടിസ്ഥാനത്തിൽ ഫെഡറൽ സാമ്പത്തിക സഹായം ലഭിക്കുന്ന ഫോർട്ട് ബെൻഡ് കൗണ്ടി, അതിന്റെ ഉപ സ്വീകർത്താക്കൾ, കൂടാതെ/അല്ലെങ്കിൽ അതിന്റെ കരാറുകാർ നിയന്ത്രിക്കുന്ന ഏതെങ്കിലും പ്രോഗ്രാമിൽ പങ്കെടുക്കുന്നതിൽ നിന്ന് ഒഴിവാക്കുക, ആനുകൂല്യങ്ങൾ നിഷേധിക്കുക, അല്ലെങ്കിൽ മറ്റ് തരത്തിൽ വിവേചനത്തിനോ പ്രതികാരത്തിനോ വിധേയമാക്കപ്പെടുകയോ ചെയ്യുന്നില്ലെന്ന് ഉറപ്പാക്കാൻ പ്രതിജ്ഞാബദ്ധമാണ്.

## പ്രൈവസി ആക്റ്റ് സ്റ്റേറ്റ്മെന്റ് *( 5 U.S.C. § 552a)*

**അധികാരികൾ**: ഈ വിവരങ്ങളുടെ ശേഖരണത്തിന് 1964-ലെ പൗരാവകാശ നിയമത്തിന്റെ (42 U.S.C. § 2000d) ശീർഷകം VI വഴി അംഗീകാരം നൽകിയിട്ടുണ്ട്.

**ഉദ്ദേശ്യം**: ഈ ഫോമിൽ അഭ്യർത്ഥിച്ച വിവരങ്ങൾ, ഈ അറിയിപ്പിലെ " അധികാരികൾ" വിഭാഗത്തിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന ചട്ടങ്ങൾക്ക് കീഴിലുള്ള വിവേചനത്തെക്കുറിച്ചുള്ള പരാതികൾ പ്രോസസ്സ് ചെയ്യുന്നതിന് ഉപയോഗിക്കുന്നു.

**വെളിപ്പെടുത്തൽ**: ഈ വിവരങ്ങൾ നൽകുന്നത് സ്വമേധയാ ഉള്ളതാണ്. ഈ ഫോം പൂരിപ്പിക്കുന്നതിൽ പരാജയപ്പെടുന്നത്, പരാതി പ്രോസസ്സ് ചെയ്യുന്നതിൽ കാലതാമസമുണ്ടാകുന്നതിനോ അല്ലെങ്കിൽ പ്രോസസ്സ് ചെയ്യുന്നത് തുടരുന്നതിന് മതിയായ അടിസ്ഥാനമില്ലാത്തതിനാൽ പരാതി നിരസിക്കുന്നതിനോ ഇടയാക്കിയേക്കാം. നിങ്ങളുടെ പരാതി നിരസിക്കപ്പെട്ടാൽ നിങ്ങളെ അറിയിക്കും.

ഈ പരാതിയിൽ നിങ്ങൾ നൽകുന്ന വിവരങ്ങൾ പുറത്തുള്ള കക്ഷികൾക്ക് വെളിപ്പെടുത്തിയേക്കാം, അവിടെ ആ വെളിപ്പെടുത്തൽ കൗണ്ടി ഇനിപ്പറയുന്ന പ്രകാരം നിർണ്ണയിക്കുന്നു: 1) പ്രസക്തവും ആവശ്യമുള്ളതും; 2) നിയമങ്ങളോ നിയന്ത്രണങ്ങളോ ലംഘിച്ചതായി കൗണ്ടി കണ്ടെത്തുന്ന ഒരു പ്രോഗ്രാമിനെതിരായ എൻഫോഴ്സ്മെന്റ് നടപടികൾക്ക് ആവശ്യമാണ്; 3) നിങ്ങളുടെ പരാതിയെക്കുറിച്ച് കൺഗ്രെഷണൽ ഓഫീസ് അന്വേഷിക്കണമെന്ന് നിങ്ങൾ ആവശ്യപ്പെട്ടാൽ ഒരു കൺഗ്രെഷണൽ ഓഫീസിന് മറുപടിയായി, അല്ലെങ്കിൽ; 4) വിവരങ്ങൾക്കായുള്ള അഭ്യർത്ഥനയ്ക്ക് മറുപടിയായി യുണൈറ്റഡ് സ്റ്റേറ്റ്സ് സിവിൽ റൈറ്റ്സ് കമ്മീഷനോട്.

കൂടുതൽ വിവരങ്ങൾക്കും സഹായത്തിനും നിങ്ങൾക്ക് ഫോർട്ട് ബെൻഡ് കൗണ്ടി സിവിൽ റൈറ്റ്സ് ഓഫീസറെ ബന്ധപ്പെടാം:

Civil Rights Officer, Risk Management
301 Jackson Street, Suite 224
Richmond, Texas 77469
281.238.3267
TitleVI@fbctx.gov
ഫാക്സ്: 281.341.3751